"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്-സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്- Rationalisation of Minor Irrigation Statistics" (RMIS)- SLS-KL400-Minor Irrigation and Water Body Census എന്ന ഘടകത്തിനായി കേന്ദ്രസർക്കാരിൽ നിന്നും മദർ സാങ്ക്ഷൻ ലഭിച്ച 30,58,367/-രൂപ 3454-02-112-87-(05) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.157/2026/P&EA തീയതി,തിരുവനന്തപുരം, 27-03-2026

---

പരാമർശം:-

1. 23.04.2022 ലെ സ.ഉ. (സാധാ) നം. 3134/2022/Fin നമ്പർ ഉത്തരവ്
2. 10.01.2025 തീയതിയിലെ ധനകാര്യ (ആസൂത്രണ സ്പെഷ്യൽ സെൽ) വകുപ്പിന്റെ No.2/2025/Fin നമ്പർ സർക്കുലർ
3. 30-01-2026 തീയതിയിലെ കേന്ദ്രസർക്കാരിന്റെ F.No. V/6/2025-MI(stat)Wing-MOWR/427 നമ്പർ മദർ സാങ്ഷൻ അനുമതി
4. 13.03.2026 ലെ സ.ഉ. (സാധാ) നം. 2682/2026/Fin നമ്പർ ഉത്തരവ്
5. 23.03.2026 ലെ സ.ഉ. (സാധാ) നം. 3298/2026/Fin നമ്പർ ഉത്തരവ്
6. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 06.02.2026, 26.03.2026 തീയതികളിലെ ഡിഇഎസ്/3087/2024-COMP4 നമ്പർ കത്ത്

<u>ഉത്തരവ്</u>

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നോഡൽ ഏജൻസി ആയിട്ടുള്ള

100% CSS Rationalisation of Minor Irrigation Statistics എന്ന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിനായി "3454-02-112-87-01 Central Share" എന്ന ഹെഡ് ഓഫ് അക്കൗണ്ട് പരാമർശം (1) പ്രകാരം രൂപീകരിച്ച് ഉത്തരവായിരുന്നു. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ (CSS) "Rationalisation of Minor Irrigation Statistics" (RMIS) ലെ ഒരു State Linked Scheme (SLS) ആയ KL400- Minor Irrigation and Water Body Census ന്റെ പ്രവർത്തനങ്ങൾക്കായി Department of Water Resources and River Development, Ministry of Jal Shakti മന്ത്രാലയത്തിൽ നിന്നും 7-ാമത് MI സെൻസസിനും 2-ാമത് WB സെൻസസിനുമായി കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവിന്റെ ബാക്കിയും രണ്ടാം ഗഡുവും ഉൾപ്പെടെ ആകെ 30,58,367/- രൂപയ്ക്ക് പരാമർശം (3) പ്രകാരം മദർ സാങ്ഷൻ അനുമതി ലഭിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത തുക "3454-02-112-87-01 Central Share" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തി DDO mapping ചെയ്യുന്നതിനും പരാമർശിത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ട് SNA-SPARSH മോഡിൽ വിനിയോഗിക്കുന്നതിനും വേണ്ട ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (6) പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. തുടർന്ന്, 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ "Rationalisation of Minor Irrigation Statistics" (RMIS)-ന്റെ കീഴിൽ പുതിയതായി ആരംഭിച്ചിട്ടുള്ള State Linked Scheme (SLS) ആയ KL400-Minor Irrigation and Water Body Census എന്ന component -നായി, 3454-02-112-87-(05)RMIS-Minor Irrigation and Water Body Census Central എന്ന ശീർഷകം പരാമർശം (4) പ്രകാരം ആരംഭിച്ചുകൊണ്ടും. കേന്ദ്രസർക്കാരിൽ നിന്നും മദർ സാങ്ക്ഷൻ അനുമതി ലഭിച്ച 30,58,367/- രൂപ അധിക ധനാനുമതി മുഖേന പ്രസ്തുത ശീർഷകത്തിൽ പരാമർശം (5) പ്രകാരം അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Department of Water Resources and River Development, Ministry of Jal Shakti മന്ത്രാലയത്തിൽ നിന്നും മദർ സാങ്ക്ഷൻ അനുമതി ലഭിച്ച 30,58,367/-രൂപ, (മുപ്പത് ലക്ഷത്തി അമ്പത്തി എണ്ണായിരത്തി മുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) 100% കേന്ദ്രാവിഷ്കൃത

പദ്ധതിയായ "Rationalisation of Minor Irrigation Statistics" (RMIS)-ന്റെ കീഴിൽ പുതിയതായി ആരംഭിച്ചിട്ടുള്ള State Linked Scheme (SLS) ആയ KL 400-Minor Irrigation and Water Body Census എന്ന component-നായി തുറന്നിട്ടുള്ള 3454-02-112-87-(05)RMIS-Minor Irrigation and Water Body Census Central എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി എം.ബി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് & എ&ഇ ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം .

ധനകാര്യ വകുപ്പ് (EXP-B3/61/2026-FIN dated 24.03.2026)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ